Sri. A. Nesamony: May I know whether the Government are aware that there are a large number of people whose children attending school are not in a position to join their parents in Ceylon ?

Sri. T. K. Narayana Pillai: That is exactly why this Government have made representations in the matter. They have now moved in that matter.

CONCESSION TO BACKWARD COMMUNITIES

*687 (13) **Sri. N. P. Varghese:** Will the Hon'ble Minister for Industries be pleased to state:

(*a*) who are the backward communities in the state;

(*b*) if a Hindu Pulaya or Paraya adopts Christianity or Mohamedanism, does he lose his right to be classed as member of a Backward community; and

(*c*) has adoption of a religion to be visited with withdrawals of concessions to Backward communities?

ശ്രീ എൻ. കുഞ്ഞുരാമൻ : ഇതിനെ സംബന്ധിച്ചുള്ള ലിസ്റ്റ് കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

ശ്രീ. എൻ. പി. വർഗീസ് : ഇപ്പോൾ ഫീസ് സൌജന്യം കിട്ടുന്ന സമുദായക്കാർ ആരൊക്കെയാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഫീസ് സൌജന്യം കിട്ടുന്ന കമ്മ്യൂണിറ്റീസിനെ മൂന്നായി പിരിച്ചിട്ടുണ്ട്. അതിൽ ആദ്യത്തെ രണ്ടു സമുദായക്കാർ ആയ ഷെഡ്യൂൾഡ് കാസ്റ്റിനും ഹിൽ ട്രൈബ്സിനുമാണ് പ്രിഫറൻസ് കൊടുക്കുന്നത്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ബാക്ക്വേർഡ് കമ്മ്യൂണിറ്റീസിനും ഷെഡ്യൂൾഡ് കാസ്റ്റിനും ഒരു പോലെ ആക്കുവാൻ ഉദ്ദേശമുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സാമുദായികാടിസ്ഥാനത്തിന്മേലല്ലാതെ സാമ്പത്തികാടിസ്ഥാനത്തിൽ ഫീസ് സൌജന്യം അനുവദിക്കണമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ ഇങ്ങനെയാണ് നൽകുന്നത്.

Sahib Bahadur A. Abdul Razaak: Do the Government distinguish between three communities, viz., untouchables, backward classes and scheduled classes?

Sri. N. Kunjuraman: Some of the members of the backward classes are given full amenities and a certain others are given only educational benefits.

Sahib Bahadur A. Abdul Razaak: That is not my question, Sir. May I know whether this Government is in a position to distinguish between persons belonging to those three different communities?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ untouchables എന്നു് ഒരു വിഭാഗക്കാർ ഇല്ല.

ശ്രീ. സി. സി. പ്രസാദ് : ഫീസ് സൌജന്യം കൂടുതൽ കിട്ടുന്നതിനുവേണ്ടി ആളുകൾ കൺവർട്ട് ചെയ്യാറുണ്ടെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിവില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : പിന്നോക്ക സമുദായക്കാർ ആരെല്ലാമായിരിക്കണമെന്നു് ഇൻഡ്യാഗവൺമെണ്ടിനോടു് പറഞ്ഞിട്ടുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇവിടത്തെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായക്കാർ ഇന്നാരെല്ലാം ആയിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചു ഒരു നോട്ടിഫിക്കേഷനും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. മെ. പാപ്പ : ഇതിൽ ആരെല്ലാം ഉൾപ്പെടും?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. യു. കെ. വാസുദേവനാചാരി : പിന്നോക്കസമുദായക്കാരെപ്പോലെതന്നെ അവശത അനുഭവിക്കുന്നവരുടെ സംഗതി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ തീർച്ചയായും ആലോചിക്കാം.

ശ്രീ. സി. സി. പ്രസാദ് : സാമ്പത്തികപരമായ അവശത അനുഭവിക്കുന്നവർക്ക് ഫീസ് സൗജന്യം നൽകാവുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : സാമ്പത്തികം, സാമൂഹ്യം വിദ്യാഭ്യാസം ഈ മൂന്നു കാര്യത്തിനും അവശത അനുഭവിക്കുന്നവരുടെ കാര്യം പര്യാലോചിച്ചാണ് ഫീസ് സൌജന്യം നൽകുന്നതു്.

RESERVATION OF LAND FOR BACKWARD COMMUNITIES

*688. (14) **Sri. N. P. Varghese :** Will the Hon'ble Minister for Industries be pleased to state.

(*a*) whether 500 acres of swampy forest land has been reserved for backward communities;

(*b*) has it been allotted to members of backward communities for paddy cultivation and colonisation; and

(*c*) are not members of the backward communities who profess any other religion than Hinduism entitled to get the land reserved for backward communities?

Sri. N. Kunjuraman : (*a*) About 1415 acres, distributed amongst 24 categories of people belonging to backward communities.

(*b*) Those acres were allotted for pady cultivation and not for colonisation.

(*c*) Yes.

ശ്രീ. എം. ഐ. പാപ്പം : ഈ സ്ഥലം എവിടെയാണ് റിസർവ് ചെയ്തിരിക്കുന്നതു്?

ശ്രീ എൻ. കുഞ്ഞുരാമൻ : സതേൺ ഡിസ്ട്രിക്ടിൽ കായിലോൺ, ചെങ്കോട്ട, മൂവാറ്റുപുഴ, കോട്ടയം, ഈ ഡിവിഷനുകളിലാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : എത്ര വീതമാണ് കൊടുത്തിട്ടുള്ളതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് അറിഞ്ഞുകൂടാ.

ശ്രീ. സി. സി. പ്രസാദ് : ബാക്കി താലൂക്കുകളിലും ഭൂമി കൊടുക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ ഇതാണ് കൊടുത്തിരിക്കുന്നതു്. ബാക്കി ഉള്ളതു് പിന്നെ ആലോചിക്കാം.

ശ്രീ. എൻ. പി. വർഗീസ് : കൺവെർട്ട്സിനെ മന്നാങ്കണ്ടത്തു നിന്നും അടിച്ചിറക്കി എന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

ശ്രീ. എൻ. പി. വർഗീസ് : ഇതിനെ സംബന്ധിച്ചു് ഒരു നിശ്ചിതമായ നയം ഗവമ്മെണ്ടു് പ്രസിദ്ധീകരിക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പറ്റി ആലോചിക്കാം.

ശ്രീ. ഏ. കെ. പാച്ചുപിള്ള : ഭൂമികിട്ടിയവർ തന്നെയാണോ ഇപ്പോൾ കൈവശം അനുഭവിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിവില്ല.

ശ്രീ. ഏ. കെ. പാച്ചുപിള്ള : അതേപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : പരാതി കിട്ടുകയാണെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഏ. കെ. പാച്ചുപിള്ള : ഇതിനെക്കുറിച്ചു ഒരു പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : കിട്ടിയതായി ഓർക്കുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ സ്ഥലം സർവ്വെ ചെയ്തതിനു ശേഷമാണോ കൊടുത്തതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവമ്മെണ്ടിൽ നിന്നും അവർക്കു് സ്ഥലം കൊടുക്കണമെന്നു് ഏർപ്പാടുചെയ്തു. സർവ്വെ ചെയ്തിട്ടാണോ കൊടുത്തതു് എന്നറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly